ഉത്തരം

(എ) ഉണ്ട്.

(ബി) വിഹിതം അടപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് തീരുമാനം എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ബന്ധപ്പെട്ട നിയമം ദേഗതി ചെയ്യുന്ന കാര്യവും പരിഗണനയിലുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

മാനന്തവാടി താലൂക്കിൽ ആദിവാസി പട്ടിണിമൂലം മരണപ്പെട്ടു എന്നത് സംബന്ധിച്ച്

മി. സ്പീക്കർ: വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പഞ്ചാരക്കൊല്ലി പ്രിയദർശിനി ട്രൈബൽ എസ്റ്റേറ്റ് തൊഴി
9.30 A.M.] ലാളിയായ ഒരു ആദിവാസി പട്ടിണിമൂലം മരണപ്പെടുകയും ആദിവാസികൾക്ക് ജോലി നൽകാൻ ആരംഭിച്ച പ്രിയദർശിനി ട്രൈബൽ എസ്റ്റേറ്റിൽ ഏഴു മാസമായി ജോലിയും കൂലിയുമില്ലാതാകുകയും ആദിവാസികളായ തൊഴിലാളികൾ പട്ടിണിയിലും കടുത്ത ദാരിദ്ര്യത്തിലുമായി കഴിയുകയും ചെയ്യുന്നു എന്നും അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷം സത്വരനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വി. ജയരാജൻ, കെ. പി. രാജേന്ദ്രൻ, പി. സി. ജോർജ്ജ്, എ. എം. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, സി. കെ. നാണു, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ 50 റൂൾ അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, വയനാട് മാനന്തവാടി താലൂക്കിൽ പഞ്ചാരക്കൊല്ലി പ്രിയദർശിനി ട്രൈബൽ ടീ എസ്റ്റേറ്റ് ജില്ലാ കളക്ടർ ചെയർമാനും ആർ. ഡി. ഒ. മാനേജിംഗ് ഡയറക്ടറു മായിട്ടുള്ള ഒരു സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ സൊസൈറ്റിയിൽ 273 സ്ത്രീകളും 250 പുരുഷൻമാരുമാണ് തൊളിലാളി കളായിട്ടുള്ളത്. മുഴുവൻ തൊഴിലാളികളും എസ്. സി./എസ്. ടി. വിഭാഗങ്ങളിൽപ്പെട്ടവരാണ്. എസ്റ്റേറ്റിലെ വരുമാനം കുറവായതിനാൽ കഴിഞ്ഞ ഏഴു മാസമായി മുഴുവൻ തൊഴിലാളികൾക്കും നിശ്ചിത കൂലി കൊടുക്കാൻ സാധിക്കാതെ വന്നു. ആദ്യം ഓരോ തൊഴിലാളിക്കും ആഴ്ചയിൽ 150 രൂപ വച്ച് കൊടുത്തു. പിന്നീട് അത് 100 രൂപ യായിട്ട് കുറഞ്ഞു. കഴിഞ്ഞ കുറച്ചു ദിവസങ്ങളായിട്ട് അതും കൊടുക്കാൻ സാധിച്ചിട്ടില്ല. തൊഴിലാളികൾ 8-7-2005-ന് ആർ. ഡി. ഒ. ഓഫീസിലേക്ക് മാർച്ച് നടത്തിയിരുന്നു. 27/2005 മുതൽ എസ്റ്റേറ്റിലെ പ്രവർത്തനം പൂർണ്ണമായി നിലച്ചിട്ടുണ്ട്. അവിടെ സാമ്പത്തികമായി ബുദ്ധിമുട്ടുകൾ വന്നതിനെത്തുടർന്ന് ഈ എസ്റ്റേറ്റിന്റെ പ്രവർത്തനം ബുദ്ധിമുട്ടേറിയ സാഹചര്യത്തിലാണ് നീങ്ങുന്നത്. അവിടെ ഒരു തൊഴിലാളിയുടെ മരണത്തെ സംബന്ധിച്ചുള്ള അടിയന്തിര പ്രമേയം കിട്ടിയ സമയത്ത് ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ചു. ഇതുവരെ പോലീസിൽ പരാതിയൊന്നും കിട്ടിയിട്ടില്ല. അതിനെക്കുറിച്ച് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായിട്ട് അന്വേഷിക്കും. അവിടെ എല്ലാ വർഷവും കർക്കിടക മാസത്തിൽ സൗജന്യ റേഷൻ കൊടുക്കാനായിട്ടുള്ള സംവിധാനം ഈ എസ്റ്റേറ്റിൽ മാത്രമല്ല, അവിടെ എല്ലാ പ്രദേശത്തും, ആദിവാസി കേന്ദ്രങ്ങളിലെല്ലാം കൊടുക്കുന്നതിനുള്ള ഒരു സംവിധാനം എല്ലാ വർഷവുമുണ്ട്. ഈ വർഷവും അതിനാവശ്യമായിട്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ: സർ, മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിക്കുകയോ അല്ലെങ്കിൽ അദ്ദേഹത്തിന് തെറ്റായി കിട്ടിയതോ ആയ വിവരമാണ് ഇവിടെ അദ്ദേഹം പറഞ്ഞത്. എന്നാൽ ഞാൻ ആധികാരികമായി പറയുകയാണ്; എന്റെ അവകാശം കൊണ്ട് പറയുന്നതല്ല; ഒരു മണി അരിപോലും സൗജന്യ റേഷനായി പ്രിയദർശിനി എസ്റ്റേറ്റിലെ തൊഴിലാളി കുടുംബങ്ങൾക്ക് ഇതുവരെയും കിട്ടിയിട്ടില്ല. ഉത്തരവ് എപ്പോൾ ഇറങ്ങി എന്നെനിക്ക് അറിയില്ല. അങ്ങ് അത് മേശപ്പുറത്ത് വയ്ക്കണമെന്ന് ഞാൻ വെല്ലുവിളിക്കുന്നില്ല. അങ്ങ് അത് മേശപ്പുറത്ത് വെച്ചാൽ മാത്രം പാവപ്പെട്ട ആദിവാസികളുടെ റേഷൻ കിട്ടാത്ത പ്രശ്നം തീരില്ല. റേഷൻ കൊടുത്തിരുന്നുവെങ്കിൽ വെളുക്കൻ ചാമുവിന്റെ മരണമെങ്കിലും ഒഴിവാക്കാൻ കഴിയുമായിരുന്നു. അങ്ങ് പറഞ്ഞു, പോലീസിൽ ആരും പരാതി നൽകിയിട്ടില്ലായെന്ന്. ആരാണ് സർ പരാതി കൊടുക്കേണ്ടത്? വെളുക്കൻ ചാമുവിന്റെ യുവതിയായ ഭാര്യ, അകാലത്തിൽ വിധവയാക്കപ്പെട്ട ഭാര്യ, മൂന്നു കുഞ്ഞുങ്ങളേയും മാറത്തു ചേർത്ത് കെട്ടിപ്പിടിച്ച് കരയുന്ന ഒരു ദൃശ്യം മലയാള മനോരമയിൽ വന്നിട്ടുണ്ട്. എനിക്ക് ഇപ്പോൾ അത് ഫാക്സിൽ കിട്ടിയതാണ്. നമ്മുടെ മാധ്യമങ്ങൾക്ക് ഇതൊന്നും വിഷയമല്ല. ആദിവാസികൾക്ക് മാധ്യമങ്ങളുടെയടുത്തു പോയി ഇൻർവ്യൂ നടത്താൻ അറിയില്ല. അവർക്ക് അതറിയാത്തതു കൊണ്ടും പത്രസമ്മേളനം നടത്താനുള്ള വിവരമില്ലാത്തതുകൊണ്ടും അവരുടെ ഈ കാര്യങ്ങൾ പത്രങ്ങളിൽ സ്റ്റേറ്റ് അടിസ്ഥാനത്തിൽ വരുന്നില്ല. ആ സ്ത്രീ, മൂന്നു കുട്ടികൾ, വെളുക്കന്റെ വൃദ്ധയായ മാതാവ്, ഇവരെല്ലാം പ്രിയദർശിനി ട്രൈബൽ എസ്റ്റേറ്റിലെ പാഡിയിലാണ്. പാഡിയെപ്പറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. പാഡിയുടെ ഒരു ഭാഗം തകർന്നിരിക്കുകയാണ്. പാഡിയിൽ എപ്പോഴാണ് ഈ കുടുംബമാകെ മരണത്തിനിരയാകുംവിധത്തിലുള്ള ദുരന്തമുണ്ടാകുക എന്നു പറയാൻ കഴിയില്ല. നമ്മുടെയെല്ലാവരുടേയും മുമ്പിൽ, സമൂഹത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായിട്ട് ഇന്ന് ആദിവാസി കുടുംബങ്ങളുടെ പട്ടിണിയും ദാരിദ്ര്യവും മാറുകയാണ്. വയനാട് ജില്ലയിലെ മാനന്തവാടി പ്രിയദർശിനി ട്രൈബൽ എസ്റ്റേറ്റ് തൊഴിലാളിയും ആദിവാസിയുമായ വെളുക്കൻ ചാമു പട്ടിണിമൂലമാണ് മരണപ്പെട്ടത് എന്ന കാര്യം അങ്ങും ഇപ്പോൾ സമ്മതിച്ചുകഴിഞ്ഞു. ഒരാഴ്ചയിലേറെയായി ചാമു ക്ഷേണം കഴിച്ചിരുന്നില്ല. ചാമുവിന്റെ അടുക്കളയിൽ തീ പുകയുന്നില്ല. അരി വാങ്ങാൻ കാശില്ല. എസ്റ്റേറ്റിലെ പാഡിയിലാണ് ചാമു താമസിക്കുന്നത്. ചാമുവിന്റെ കുടുംബവും അവിടെയാണുള്ളത്, ഇവരെല്ലാം ആ എസ്റ്റേറ്റിലെ തൊഴിലാളികളാണ്. ഇവർക്കാർക്കും പണിയില്ല എന്നതുകൊണ്ട് ആരുടെ കയ്യിലും വരുമാനമില്ല. അന്ത്യകർമ്മങ്ങൾ നിർവ്വഹിക്കാൻ പോലും ഈ കുടുംബത്തിന്റെ കയ്യിൽ പണമുണ്ടായിരുന്നില്ല. മറ്റു തൊഴിലാളികൾ പിരിച്ചെടുത്ത കാശുകൊണ്ടാണ് കാര്യങ്ങളെല്ലാം ചെയ്തത്. ചാമുവിന് 15,000 രൂപയുടെ കടമുണ്ട്. അത് ഗവൺമെന്റ് എഴുതിത്തള്ളണം. അല്ലെങ്കിൽ കൊടുക്കണം. കൊടും പട്ടിണിയിലാണ് പ്രിയദർശിനി എസ്റ്റേറ്റിലെ 310 തൊഴിലാളികൾ.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും ആദിവാസികളാണ്. ഈ എസ്റ്റേറ്റ് ആദിവാസികൾക്ക് തൊഴിൽ കൊടുക്കാൻ സർക്കാർ ഏർപ്പെടുത്തിയ സംരംഭമാണ്. ഏഴു മാസമായി തേയിലത്തോട്ടം പൂട്ടിക്കിടക്കുന്നു. തൊഴിലാളികൾക്കുള്ള കൂലി ഇനത്തിൽ 118 ലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. വയനാട്ടിലെ ആദിവാസികൾ ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള സമരത്തെത്തുടർന്ന് അങ്ങ് മുൻകൈ എടുത്തുതന്നെയാണ് കാര്യങ്ങൾ ചെയ്തത്; ഞാൻ അത് നിഷേധിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അനിൽകുമാറും അവിടെ വന്നിട്ടുണ്ട്. അതും ഞാൻ നിഷേധിക്കുന്നില്ല. ശ്രീ കോടിയേരി ബാലകൃഷ്ണനും ഞാനും ആ ചർച്ചയിൽ പങ്കെടുക്കാൻ പോയിരുന്നു. ആദിവാസി ക്ഷേമസമിതിയുമായി ചർച്ച ചെയ്തു. ആ ചർച്ചയിൽ ചില ധാരണകൾ ഉണ്ടാക്കി. എന്നിട്ട് തിരുവനന്തപുരത്തുവന്ന് ചർച്ച ചെയ്തു. അന്നുണ്ടാക്കിയ വ്യവസ്ഥകളിൽ ഒന്നാണ് ആദിവാസികൾക്ക് കിട്ടാനുള്ള പണത്തിന് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയില്ല എന്നുള്ളത്. എന്നാൽ ആ വ്യവസ്ഥ സർക്കാർ പാലിച്ചില്ല. ആ വ്യവസ്ഥ പാലിക്കാത്തതുകൊണ്ടാണ് 118 ലക്ഷം രൂപ ആദിവാസികൾക്ക് വിതരണം ചെയ്യാൻ കഴിയാതിരുന്നത്. അങ്ങു പറഞ്ഞു, ആദ്യം 150 രൂപയും പിന്നീട് 100 രൂപയും കൊടുത്തു എന്ന്. കഴിഞ്ഞ ഏഴു മാസമായി ഒരു പൈസയും കൊടുത്തിട്ടില്ല. കളക്ടറുമായി ചർച്ച ചെയ്തു. എന്നിട്ടും ധാരണയാകുന്നില്ല. കളക്ടർ നിസ്സഹായതയിലാണ്. ഞാൻ കളക്ടറെ വിളിച്ചു. അദ്ദേഹം പറയുന്നത് എന്തു ചെയ്യാനാണ്, ട്രഷറി നിയന്ത്രണം പിൻവലിക്കാതെ എങ്ങനെ കാശുകൊടുക്കുമെന്നാണ്. കളക്ടറുമായി ഉണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പ് വ്യവസ്ഥ നടപ്പാക്കാൻ കളക്ടർക്ക് കഴിയണ്ടേ? ട്രഷറി നിയന്ത്രണം പിൻവലിക്കാതെ ആദിവാസികൾക്ക് ഒരു നയാപൈസപോലും കൊടുക്കാൻ കഴിയില്ല, 118 ലക്ഷം രൂപ എന്നുപറയുന്നത് ജോലിയെടുത്തവർക്ക് കൊടുക്കാനുള്ള വേതനവും മറ്റിനങ്ങളിലുള്ള കുടിശ്ശികയുമാണ്. 2002 ഡിസംബർ മുതലാണ് കുടിശ്ശികയുള്ളത്. പട്ടിണിയിലായ തോട്ടം തൊഴിലാളികൾക്ക് പലതരം രോഗങ്ങളും ഇപ്പോൾ പടർന്നു പിടിച്ചിരിക്കുകയാണ്. ചികിത്സിക്കാൻ ഫലപ്രദമായിട്ടുള്ള സംവിധാനമില്ല. മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിന്നും ആദിവാസികൾക്ക് സൗജന്യമായി മരുന്നു നൽകിയിരുന്നു. ഇപ്പോൾ മരുന്ന് നൽകുന്നില്ല. ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ കൂടി കേൾക്കണം. അവിടെ ഫാർമസി സൊസൈറ്റി നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറിൽ നിന്നാണ് സൗജന്യമായി ആദിവാസികൾക്ക് മരുന്ന് കൊടുത്തത്. അവർക്ക് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഇപ്പോൾ 10 ലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. അതിനെത്തുടർന്ന് മാർച്ച് 10-ാം തീയതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടത്തിയിരുന്നു. അതിലെ ഒരു വ്യവസ്ഥയാണ് ഫാർമസി സൊസൈറ്റിക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കണം, തുടർന്ന് മരുന്ന് സൗജന്യമായി നൽകണമെന്നത്. ബഹുമാനപ്പെട്ട മന്ത്രി അനിൽകുമാറിന് അറിയാം. നയാപൈസ കൊടുത്തില്ല. ഇരുളം പഞ്ചായത്തിലെ പണിയ കോളനിയിലെ നായിക്കിന്റെ മകൻ 15 വയസ് പ്രായമുള്ള കുട്ടൻ മാനന്തവാടി ജില്ലാ ആശുപത്രിയിൽ രോഗം വന്ന് ചികിത്സതേടി പോയി. മരുന്ന് കിട്ടാത്ത ഒറ്റ കാരണത്താൽ കുട്ടൻ മരണപ്പെട്ടു. ഇതിനെല്ലാം ആര് സമാധാനം പറയും? 10 ലക്ഷം രൂപയുടെ ധനസഹായം അവിടെ കൊടുത്തിരുന്നുവെങ്കിൽ ആ ഫാർമസി സൊസൈറ്റി സൗജന്യമായി മരുന്ന് കൊടുക്കില്ലേ?.....(ബഹളം).....

ആദിവാസി പ്രശ്നം ചർച്ച ചെയ്യാൻ ഒരു മണിക്കൂറല്ല ഒരു ദിവസം

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ഈ സഭ മാറ്റിവച്ചാലും തരക്കേടില്ല. വളരെയധികം കാര്യങ്ങൾ നമ്മൾ ചർച്ച ചെയ്തില്ലേ? എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത് ഈ കുട്ടന്റെ കുടുംബത്തെ അങ്ങ് സഹായിക്കണം. ആ കുടുംബം ഇപ്പോൾ സാമ്പത്തിക പ്രയാസത്തിലാണ്. എല്ലാ ആദിവാസി കോളനികളിലും അടിയന്തിരമായി മെഡിക്കൽ സംഘത്തെ അയയ്ക്കണം. എന്നിട്ട് ആവശ്യത്തിന് ചികിത്സയ്ക്കുള്ള സംവിധാനവും അവിടെ ഒരുക്കണം. പല കൂരകളിലും ഇപ്പോൾ തീ പുകയുന്നില്ല. ഇടിഞ്ഞു വീഴാറായ കൂരകളിലാണ് ആദിവാസി കുടുംബങ്ങൾ കഴിയുന്നത്. കല്ലുമല, ചീയമ്പം മറിയനാട്, മക്കിമല, വനലക്ഷ്മി എന്നീ 5 ആദിവാസി തോട്ടങ്ങൾ പൂട്ടിയിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരനറിയാം. 1,36,000-ത്തോളം ആദിവാസികളുള്ളതിൽ 5000-ത്തോളം ആദിവാസികൾ മാത്രമാണ് ഈ ട്രൈബൽ എസ്റ്റേറ്റുകളിൽ ജോലിയെടുക്കുന്നത്. സുഗന്ധഗിരിയിൽ അവിടത്തെ പ്രോജക്ട് നമ്മൾ പൂട്ടി. അവർ അവിടെയുള്ള ഭൂവുടമകളായി മാറി. പ്രോജക്ട് പൂട്ടിയിട്ട് ഭൂമി അവർക്കു കൊടുത്തു. അവരും ഇപ്പോൾ കൊടും പട്ടിണിയിലാണ്. അത്തരത്തിൽ ഒരു റിപ്പോർട്ടു മാത്രം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ''സുഗന്ധഗിരിയിലെ ഭൂവുടമകളായ കൊടും പട്ടിണിയിൽ. 20 ദിവസം പ്രായമായ കുഞ്ഞുമായി പ്രസവപ്പായയിൽ വിശപ്പുതിന്നു കഴിയുകയാണ് ശാന്ത. കുഞ്ഞിന്റെ അടങ്ങാത്ത കരച്ചിലിനൊപ്പം പെറ്റ വയറിന്റെ വിശപ്പ് ആളുകയാണ്. അനുജത്തിയും മൂന്ന് മക്കളും അടക്കം അഞ്ച് വയറിന്റെ വിശപ്പടക്കാൻ ഈ കുടിലിൽ ഒരു മണി അരിപോലും ഇല്ലെന്നു പറയുമ്പോൾ ചേച്ചിയായ അമ്മാളുവിന്റെ തൊണ്ട ഇടറുന്നു. നിവൃത്തിയില്ലാതെ അമ്മാളു 13 വയസ്സുള്ള മകൾ ശാലിനിയെ കോഴിക്കോട് വീട്ടു ജോലിക്ക് അയയ്ക്കുകയാണ്.'' ഇതിങ്ങനെ പോകുന്നു.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽപോലെ എല്ലാ വിഷയവും പറയണ്ട, ഇതൊരു urgent മരണകാര്യമായതുകൊണ്ട് പറഞ്ഞു. അതിൽ ഒതുങ്ങി നിൽക്കുക.

ശ്രീ. എം. വി. ജയരാജൻ: ഞാൻ പറഞ്ഞത് എങ്ങനെയാണ് പട്ടിണിയും ദുരിതവും വ്യാപകമാകുന്നതെന്നാണ്. ഈയിടെ കാട്ടാക്കടയിൽ ഒരു ആദിവാസി മണ്ണുതിന്നിട്ടാണ് മരിച്ചത്. അവരുടെ ദുരിതം കൂടുകയാണ്, കുറയുകയല്ല. ദുരന്തത്തിന് അറുതി വരുത്തണം. അതുകൊണ്ടാണ് അങ്ങയുടെ ശ്രദ്ധയിൽ ഞാൻ ഈ കാര്യം പെടുത്തുന്നത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ കുടുംബത്തിന് ഒരു ലക്ഷം രൂപയുടെ സാമ്പത്തിക സഹായമെങ്കിലും നൽകി സഹായിക്കണം എന്നാണ്. എല്ലാ കുടുംബങ്ങൾക്കും സൗജന്യ റേഷൻ നൽകണം. സൗജന്യ റേഷൻ എന്നുള്ള പ്രഖ്യാപനം മാത്രം പോരാ, അത് അവർക്ക് കിട്ടുമെന്ന് ഉറപ്പുവരുത്തണം. അതുപോലെതന്നെ അവിടെയുള്ള തോട്ടങ്ങൾ തുറന്നുപ്രവർത്തിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. നഷ്ടത്തിലായിരിക്കും, അക്കാര്യത്തിലൊന്നും തർക്കമില്ല. പക്ഷേ തോട്ടങ്ങൾ പ്രവർത്തിപ്പിച്ചുകൊണ്ട് ഇവർക്ക് പണി കൊടുക്കണം. പുറത്തുപോയാൽ പണിയില്ല. പുറത്തുപോയാൽ പണി കിട്ടുമെങ്കിൽ തരക്കേടില്ല. കൃഷിക്കാർക്കും മറ്റു മേഖലയിലെ ആദിവാസികൾക്കും പണി കിട്ടുന്നില്ല. തോട്ടങ്ങൾ തുറന്നുപ്രവർത്തിച്ചാൽ പട്ടിണി ഒഴിവാകും; അവർക്ക് കൂലിയുണ്ടാകും. അവർക്ക് ജീവിക്കണം. അതുകൊണ്ട് ഈ ആദിവാസികളുടെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണിയും ദുരിതവും ഇനിയുണ്ടാകാതിരിക്കാൻ ഫലപ്രദമായ നടപടിയുണ്ടാകണം. സമൂഹത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്ന, കേരളത്തിൽ ജനസംഖ്യയിലെ ഒരു ശതമാനം മാത്രം വരുന്ന ആദിവാസികളുടെ പ്രശ്നത്തിന് പരിഹാരം കാണണം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, വയനാട്ടിലെ പഞ്ചാരക്കൊല്ലി പ്രിയദർശിനി ടീ എസ്റ്റേറ്റ് ഇവിടെ സൂചിപ്പിച്ചതുപോലെ ആദിവാസികളും പട്ടികജാതിക്കാരും മാത്രമുള്ള എസ്റ്റേറ്റാണ്. സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം കളക്ടർ ചെയർമാനും ആർ. ഡി. ഒ.—എം. ഡി.—യുമായിട്ടുള്ള സൊസൈറ്റി ആയിട്ടാണ് ഇത് പ്രവർത്തിക്കുന്നത്. പട്ടികവർഗ്ഗ ക്ഷേമവകുപ്പ് എല്ലാ വർഷവും ഇതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കഴിഞ്ഞ വർഷം 40 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. പക്ഷേ അവിടെ കുറേ നാളുകളായി വലിയ പ്രശ്നങ്ങളുണ്ട്. കാരണം തേയിലയുടെ വിലയിടിവുമൂലമുണ്ടായ സാമ്പത്തികമായ ബുദ്ധിമുട്ടും മറ്റുമാണ്. ഇക്കഴിഞ്ഞ ദിവസമാണ് രണ്ടു മാസക്കാലത്തേക്കുള്ള ശമ്പളം അനുവദിച്ചത്. അവിടത്തെ ആദിവാസികളുടെ പ്രശ്നങ്ങളെക്കുറിച്ച് ആദിവാസി ക്ഷേമസമിതിയുമായും ബഹുമാനപ്പെട്ട എം. വി. ജയരാജൻ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ളവരുമായും വയനാട്ടിൽ നടന്ന സമരവുമായി ബന്ധപ്പെട്ട് ഞാനവിടെ ചെന്നപ്പോഴും ചർച്ച നടത്തി. പല പ്രശ്നങ്ങൾക്കും അന്ന് പരിഹാരം കാണുകയും മറ്റ് കാര്യങ്ങളെക്കുറിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും ചെയ്തു. അങ്ങനെ കുറേ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. സൗജന്യമായി റേഷൻ അനുവദിച്ചത് അവിടെ ലഭിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സൗജന്യ റേഷൻ കൊടുക്കാനുള്ള എല്ലാ നിർദ്ദേശവും നൽകിയിട്ടുണ്ട്. എങ്കിലും ഇത് ഏറെ ദുഃഖകരമായ കാര്യമാണ്. എന്തായാലും ഇക്കാര്യത്തെക്കുറിച്ച് മുഖ്യമന്ത്രി തന്നെ പറയും. പരമാവധി ആശ്വാസ നടപടികൾ കൈക്കൊള്ളാൻ പട്ടികജാതി ക്ഷേമവകുപ്പ് ബദ്ധശ്രദ്ധമാണ്. ഇതിന് സ്ഥായിയായ ഒരു പരിഹാരം കാണണമെങ്കിൽ ഈ ടീ എസ്റ്റേറ്റുകളിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കണം. തേയിലയ്ക്കുള്ള വിലക്കുറവും ഗുണനിലവാരക്കുറവുമാണ് പ്രശ്നങ്ങൾക്ക് കാരണം എന്നാണ് പറയുന്നത്. Organic Tea പ്രശ്നത്തിന് പരിഹാരമാകുമെന്ന ഒരു ആശയം വന്നിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ Organic Tea Plant ചെയ്യാനുള്ള ഒരു ശ്രമം നമ്മൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു കോടി രൂപയിലധികം ചെലവുവരുമെന്നാണ് പറയുന്നത്. Organic Tea ഉൽപ്പാദിപ്പിച്ചാൽ മാത്രമേ, കൂടുതലായി പുറംനാട്ടിൽ മാർക്കറ്റ് കണ്ടെത്താനാവുകയുള്ളൂ എന്നാണ് കാണുന്നത്. അതുകൊണ്ട് ആ രീതിയിൽ റിവൈവ് ചെയ്യാനുള്ള ഒരു പ്രോജക്ട് കൂടി ഇപ്പോൾ പരിഗണിച്ചുവരുന്നു. ഒരു കോടി രൂപയിലധികം ഈ പ്രോജക്ടിന് വേണ്ടി വരും. അനുഭവപൂർവ്വം പ്രശ്നങ്ങൾ കണ്ടുകൊണ്ട് ആ ടീ എസ്റ്റേറ്റിനെ നല്ല രീതിയിൽ കൊണ്ടുപോകാനുള്ള ശ്രമവും ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും നടത്തിക്കൊണ്ടിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ. ഈ എസ്റ്റേറ്റിലെ 58 വയസ്സുള്ള വെള്ളുക്കൻ ചാമുവിന്റെ മരണം വളരെ നിർഭാഗ്യകരമായ സംഭവമാണ്. ശ്രീ. എം.വി. ജയരാജൻ പറഞ്ഞകാര്യം അതിന്റെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവത്തോടുകൂടിയും തന്നെ ഗവൺമെൻറ് ഉറ്റുനോക്കിക്കൊള്ളുന്നു. ഞാൻ പറഞ്ഞത് ഇതു സംബന്ധിച്ച അടിയന്തിരപ്രമേയം കിട്ടുന്ന സമയത്ത് അന്വേഷിച്ചപ്പോഴും പോലീസിലൊന്നും പരാതി കിട്ടിയിട്ടില്ല എന്നാണ്. പോലീസിനെക്കൊണ്ട് അന്വേഷിപ്പിച്ചപ്പോഴും അസുഖം കൊണ്ട് വീട്ടിൽ വച്ചാണ് മരിച്ചതെന്നുള്ള വിവരം കിട്ടി....(ബഹളം).....പട്ടിണി കിടന്നാലും മരിക്കുന്നത് അസുഖം കൊണ്ടായിരിക്കും. അതുകൊണ്ട് ഞാൻ അതിനെ ന്യായീകരിക്കുന്നില്ല. പട്ടിണിയിലല്ലായിരുന്നു എന്നോ ബഹു. മെമ്പർ ഇവിടെ പറഞ്ഞതൊന്നും ശരിയല്ലെന്നോ ഞാൻ പറയുന്നില്ല. പട്ടിണിയില്ലെങ്കിലും പോഷകാഹാരമില്ലെങ്കിൽ പെട്ടെന്ന് അസുഖം വരും. പട്ടിണിയിൽ നിന്നും അസുഖത്തിലേക്ക് വരുന്ന സാഹചര്യം, പട്ടിണി മരണമെന്നു പറയുന്നതെല്ലാം തന്നെ ആ രീതിയിൽ വരുന്നതാണ്. ഇന്ന് ലഭിച്ച വിവരം ഞാൻ പറഞ്ഞതാണ്. ഏതായാലും അവിടെ എസ്റ്റേറ്റിലെ കൂലി യഥാവസരം കൊടുത്തില്ല. മാത്രമല്ല കൊടുത്തിരുന്ന വേതനം കുറഞ്ഞു വന്നു; ആദ്യം 150 രൂപയായിരുന്നത് പിന്നീട് 100 രൂപയായി. അതു കഴിഞ്ഞ് കുറച്ചുനാളായി ഒന്നും കൊടുക്കാത്ത സ്ഥിതി വന്നിട്ടുണ്ട്. ട്രഷറി ബാൻ കൊണ്ടല്ലേ ഇത് കൊടുക്കാൻ സാധിക്കാതെ പോയത്, മറ്റു സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ്. എല്ലാ വർഷവും ഈ എസ്റ്റേറ്റിന്റെ പ്രശ്നമല്ലെങ്കിൽപ്പോലും അവിടെ മൊത്തം ആദിവാസികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്ന സംവിധാനമുണ്ട്. അതനുസരിച്ചുള്ള ഓർഡർ ഈ ചൊവ്വാഴ്ച അതായത്, 19-ാം തീയതി ഇറങ്ങിയിട്ടുണ്ട്. അതവിടെ കിട്ടിയില്ലെങ്കിൽ ഈ ആഴ്ചതന്നെ കിട്ടത്തക്ക വിധത്തിലുള്ള സംവിധാനം അവിടെ ചെയ്തിരിക്കും. അതുപോലെ ചാമുവിന്റെ കടം 15,000 രൂപ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ടു. അത് നിശ്ചയമായും ചെയ്യും; ഗവൺമെൻറ് ആ കടം എഴുതിത്തള്ളും. പിന്നെ ആ കുടുംബത്തോട് അങ്ങേയറ്റത്തെ സഹതാപവും അനുകമ്പയുമുണ്ട്. അതിന് ഗവൺമെൻറിനെക്കൊണ്ട് ചെയ്യാവുന്ന കാര്യം ചെയ്യും. മന്ത്രി ശ്രീ. എ.പി. അനിൽകുമാറും മന്ത്രി ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്ററും ചാമുവിന്റെ വീടും ഈ എസ്റ്റേറ്റും സന്ദർശിച്ച് അവിടുത്തെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാനായി എന്തു ചെയ്യാൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി തീരുമാനിക്കും. ഏറ്റവുമടുത്ത ദിവസംതന്നെ ഇവർ അവിടെ സന്ദർശിച്ച് അതിനുവേണ്ടി കാര്യങ്ങൾ ചെയ്യും. അതുപോലെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ സമൂഹത്തിന്റെ മനസ്സാക്ഷി ഉണർത്തേണ്ട പ്രശ്നങ്ങളാണ്. ഇതുപോലെ സമൂഹത്തിൽ ഏറ്റവും പ്രയാസപ്പെടുന്നവരുടെ പ്രശ്നങ്ങൾ യഥാസമയം ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽ, ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരത്തക്ക വിധത്തിൽ നമ്മുടെ ഗ്രാമസഭകൾ കൂടുതൽ കൂടുതൽ സജീവമാകണമെന്നുള്ള അഭിപ്രായമാണുള്ളത്. പലപ്പോഴും ഗവൺമെൻറിനോ അല്ലെങ്കിൽ ഉദ്യോഗസ്ഥൻമാർക്ക് അല്ലെങ്കിൽ പൊതുപ്രവർത്തകർക്ക് ഇതിന്റെ രൂക്ഷത ചിലപ്പോൾ മനസ്സിലായി എന്നു വരില്ല. തൊട്ടടുത്ത വീട്ടിലെ പ്രശ്നങ്ങൾപോലും അടുത്ത വീട്ടുകാർ അറിയുന്നില്ല എന്നുള്ള ഒരു നിലയിലേക്ക് കാര്യങ്ങൾ എത്തുന്നത് നല്ലതല്ല. ഇതിന് പരിഹാരമായി ഗ്രാമസഭകൾ കൂടുതൽ കൂടുതൽ സജീവമാകുകയും ഓരോ കുടുംബത്തിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും കാര്യങ്ങളും മനസ്സിലാക്കുകയും ചെയ്യുന്നതുവഴി ഇതുപോലുള്ള, സമൂഹത്തിന്റെ മനസ്സാക്ഷിയെ ഉണർത്തുന്ന രീതിയിലുള്ള സംഭവങ്ങൾ ഒഴിവാക്കാൻ, പല ആത്മഹത്യകളും ഒഴിവാക്കാൻ സാധിക്കും. ഒരു പരിധി അടുത്ത സുഹൃത്തുക്കൾ, അല്ലെങ്കിൽ അയൽവാസികൾ അറിഞ്ഞാൽ ഒഴിവാക്കാൻ പറ്റുന്ന വിധത്തിലുള്ള പലതും ഇന്ന് നമ്മുടെ സമൂഹത്തിലുണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഗ്രാമസഭകളും കുറച്ചുകൂടി ഉണർന്ന്, സജീവമായി ജനങ്ങളുടെ പ്രശ്നം, അയൽവാസികളുടെ പ്രശ്നം മനസ്സിലാക്കി അവ പരിഹരിക്കാൻ ശ്രമിക്കണം. അവർക്കു പരിഹരിക്കാൻ പറ്റാത്ത കാര്യങ്ങളും ഉദ്യോഗസ്ഥൻമാരെ അറിയിക്കുക. അവർക്കും പറ്റാത്ത കാര്യങ്ങളും പൊതുപ്രവർത്തകരെ അറിയിക്കുക. അവിടെ ഗവൺമെന്റിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങളും ചെയ്യുക എന്നുള്ള നിലയിലേക്ക് കാര്യങ്ങളും എത്തണം. അങ്ങിവിടെ പറഞ്ഞ ചാമുവിന്റെ കാര്യം ഗൗരവത്തോടുകൂടി തന്നെ എടുക്കുന്നു. ആ കുടുംബത്തെ സഹായിക്കാനും അവരുടെ പ്രശ്നങ്ങളും പരിഹരിക്കാനും പ്രത്യേകം ശ്രദ്ധിക്കും. ഇതുപോലുള്ള സംവേദനം ഇനിയും ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാവുന്ന നടപടികളും സ്വീകരിക്കും. ആദിവാസികളുടെ കാര്യത്തിൻമേലുള്ള ട്രഷറി നിയന്ത്രണം നീക്കണമെന്നു പറഞ്ഞത് ഗവൺമെന്റ് പരിഗണിക്കും. ഞങ്ങളും ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്ത സമയത്ത് മരുന്നിന്റെ കുറവ് ആദിവാസികളുടെ ചികിത്സയ്ക്ക് ഒരു തടസ്സമായി നിൽക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. ശ്രീ. എം. വി. ജയരാജൻ പറഞ്ഞതുപോലെ ഒരു കുട്ടിക്കുപോലും മരുന്ന് കിട്ടിയില്ലെങ്കിൽ, അതിനുത്തരവാദി ആരാണെന്നുള്ള കാര്യം ഗവൺമെന്റ് അന്വേഷിക്കും. അക്കാര്യം തീരുമാനിച്ചിട്ടുണ്ട്. മാനന്തവാടി ആശുപത്രിയുടെ കാര്യം ഞങ്ങളും പ്രത്യേകമായി ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. എന്നിട്ടും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതു വളരെ ഗൗരവമായി ഗവൺമെന്റ് കാണും.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, മാനന്തവാടി ആശുപത്രിയിൽ ആദിവാസികൾക്കു മരുന്നു കിട്ടുന്നില്ല എന്നുള്ള പരാതി ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ഞാനും ശ്രീ. എ. പി. അനിൽകുമാറും ആ കോൺഫറൻസിൽ ഉണ്ടായിരുന്നു. ആദിവാസികൾക്ക് മരുന്ന് ലഭിക്കുന്നതിന് ഒരു തടസ്സവുമില്ലാത്ത വിധത്തിൽ, മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിന്നും ആദിവാസികൾക്കു മരുന്ന് കൊടുക്കാനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കൈക്കൊണ്ടിട്ടുള്ള സമീപനങ്ങളെ സംബന്ധിച്ച് ഇവിടെ വിവരിച്ചു. മുഖ്യമന്ത്രിയുടെ മറുപടിയിൽ വെളുക്കൻ ചാമുവിന്റെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകുമോ എന്നുള്ളതു സംബന്ധിച്ച് പറഞ്ഞില്ല. അദ്ദേഹത്തിനുണ്ടായിരുന്ന കടം എഴുതിത്തള്ളുന്നതിനോ തിരിച്ചു കൊടുക്കേണ്ടതില്ലാത്ത ഏതോ ആശ്വാസനടപടികളും സ്വീകരിക്കുന്നതിനോ നടപടിയുണ്ടാകും എന്നാണ് ഞാൻ കേട്ടത്. ആ കുടുംബത്തിന് എന്തെങ്കിലും അടിയന്തിര സഹായം നൽകേണ്ടതു ഒരു ആവശ്യമല്ലേ? ഗ്രാമസഭകളും ഊർജ്ജസ്വലമാക്കണമെന്നുള്ള കാര്യം അങ്ങു പറഞ്ഞു. അതിനോടു ഞാൻ യോജിക്കുന്നു. ഊർജ്ജസ്വലമാക്കുക തന്നെ വേണം. എന്നാൽ ട്രൈബൽ ഉദ്യോഗസ്ഥൻമാരെ ഇവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം അന്വേഷിക്കാനും അടിയന്തിര സ്വഭാവത്തോടുകൂടിയുള്ളത് അറിയിക്കാനുമൊക്കെയാണല്ലോ ചുമതലപ്പെടുത്തിയിരിക്കുന്നത്. അവരുടെ ജോലി എന്താണ്? അവരുടെ ഈ കാര്യങ്ങളിലെല്ലാമുള്ള വീഴ്ചകളും ഗൗരവതരമല്ലേ? അത്തരക്കാരെ വിജിലൻറാക്കാനുള്ള ചുമതല ഗവൺമെൻറ് നിറവേറ്റിയതിനു ശേഷം ഗ്രാമസഭ, ഗ്രാമസഭ എന്നു പറയുന്നതല്ലേ നല്ലത്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുമെല്ലാമുള്ള പണത്തിൻെറ മൂന്നര, നാലര ശതമാനം വെട്ടിക്കുറച്ചിരിക്കുന്ന സാഹചര്യത്തിൽ, ഈ ഗ്രാമസഭകൊണ്ടെല്ലാം ഈ കാര്യത്തിൽ എന്തു ചെയ്യാൻ കഴിയും എന്നുള്ളതു ഞങ്ങളെ സംബന്ധിച്ചിടത്തോളം സംശയമുള്ള കാര്യം തന്നെയാണ്. ഏതായാലും ഗ്രാമസഭകൾ മനുഷ്യത്വ സ്വഭാവത്തോടുകൂടി, ഊർജ്ജസ്വലമായ നിലയിൽ പ്രവർത്തിക്കണമെന്നുള്ള അങ്ങയുടെ അഭിപ്രായത്തോടു യോജിക്കുകയാണ്. പക്ഷെ ട്രൈബൽ ഉദ്യോഗസ്ഥൻമാർ അവരുടെ ചുമതല നിറവേറ്റണ്ടേ? അക്കാര്യത്തെക്കുറിച്ചു ഗവൺമെൻറിന് ജാഗ്രത ഉണ്ടാകണം. അതുപോലെതന്നെ വെളുക്കൻ ചാമുവിൻെറ കുടുംബത്തിന് ഈ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ പോകുന്നത്? അതു സംബന്ധിച്ച് മുഖ്യമന്ത്രി ഒന്നു വ്യക്തമാക്കിയാൽ തരക്കേടില്ല എന്നാണ് എനിക്കു പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ നിർദ്ദേശം ഗവൺമെൻറ് അംഗീകരിക്കുന്നു. കടത്തിൻെറ കാര്യം സ്പെസിഫിക്കായിട്ട് പറഞ്ഞതുകൊണ്ട് അതു എഴുതിത്തള്ളുമെന്ന് പറഞ്ഞു. ആ കുടുംബത്തെ സഹായിക്കുന്ന കാര്യവും പരിഗണിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. തീർച്ചയായും അതു പരിഗണിക്കും. മന്ത്രി അവിടെ പോയി അവിടത്തെ സാഹചര്യങ്ങൾ മനസ്സിലാക്കിയതിനുശേഷം അതു സംബന്ധിച്ചുള്ള തീരുമാനമെടുക്കും. ട്രൈബൽ ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും പുറകോട്ടു പോകാൻ കഴിയില്ല. അവർ അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചേ പറ്റൂ. ഞാൻ ഗ്രാമസഭകളുടെ കാര്യം പറഞ്ഞത്, ആദിവാസികളുടെ പ്രശ്നം കൊണ്ടുമാത്രമല്ല. ഇന്നു നമ്മുടെ സമൂഹത്തിൽ വേദനിപ്പിക്കുന്ന പല സംഭവങ്ങളും ഉണ്ടാകുന്നുണ്ട്. ആളുകൾ പരസ്പരം കാര്യങ്ങൾ അറിഞ്ഞാൽ അതു ഒഴിവാക്കാൻ പറ്റുന്നതാണ്. ആത്മഹത്യ, പട്ടിണിമരണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ, അതെല്ലാം ഗ്രാമസഭകൾക്ക് പരിഹരിക്കാൻ പറ്റുമെന്നല്ല ഞാൻ പറഞ്ഞത്. അതെല്ലാം ശ്രദ്ധയിൽപ്പെടുത്തുക. അതിനു പരിഹാരം ഉണ്ടാക്കാൻവേണ്ടി ശ്രമിക്കുക. അതു മാത്രമാണ് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. അവിടെ തീർക്കാൻ കഴിയുന്ന കാര്യങ്ങൾ അവിടെ തീർക്കുക. നിശ്ചയമായും താങ്കൾ പറഞ്ഞ ഈ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. പി. ജെ. ജോയി]

III. ശ്രദ്ധക്ഷണിക്കൽ

(1) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡും ഹൗസിംഗ് സൊസൈറ്റികളും ഭവന നിർമ്മാണ വായ്പകൾക്ക് അന്യായമായ പലിശ ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്ജ്: സർ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, ഹൗസിംഗ് സൊസൈറ്റി ഇവ സംസ്ഥാനത്തെ പാവപ്പെട്ടവർക്കും മദ്ധ്യവർഗ്ഗക്കാർക്കും സമ്പത്തുള്ളവർക്കുമൊക്കെ വീടു വയ്ക്കാൻ പണം

LIBRARY ARCHIVES Kerala Legislative Assembly